ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയും ആർ.ജി.ജി.വി.വൈ. പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്

(ബി) 1782 ലക്ഷം രൂപയുടെ ആർ.എ.പി.ഡി.ആർ.പി. പദ്ധതിക്കും 6.55 ലക്ഷം രൂപയുടെ ആർ.ജി.ജി.വി.വൈ. പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 6.34 ലക്ഷം രൂപയുടെ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയും 6.55 ലക്ഷം രൂപയുടെ ആർ.ജി.ജി.വി.വൈ. പദ്ധതിയും പൂർത്തീകരിച്ചു. ബാക്കിയുള്ള ആർ.എ.പി.ഡി.ആർ.പി. പദ്ധതി പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലാണ്.

**ബൾബുകൾകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പഠനം**

50 (4632) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബൾബുകളിൽ ഏതെല്ലാം ബൾബുകൾ മനുഷ്യനേത്രങ്ങൾക്ക് രോഗകാരണമാകുമെന്നും, ഫ്യൂസായ ബൾബുകൾ ഇറസ്സായ സ്ഥലത്തും വീട്ട കോമ്പൗണ്ടുകളിലും ഉപേക്ഷിക്കുന്നതുമൂലമുണ്ടാകുന്ന രോഗങ്ങൾ എന്തൊക്കെയാണെന്നും ഇതുമൂലം മനുഷ്യ ജീവനുണ്ടാകുന്ന പ്രശ്നങ്ങൾ എന്താണെന്നും സംബന്ധിച്ച് വൈദ്യുതി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പഠനം നടത്തിയിട്ടില്ലെങ്കിൽ ഒരു വിദഗ്ദ്ധ സംഘത്തിന്റെ പഠനത്തിന് എത്ര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ബൾബുകളുടെ ഉപയോഗശേഷം ഇവ നശിപ്പിക്കാതെ റോഡുകളിലും വീടുകളിലും നിക്ഷേപിക്കുന്നതു കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെങ്കിലും അന്താരാഷ്ട്ര സംഘടനകളുടെ റിപ്പോർട്ടുകൾ വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; അത് ബോർഡ് പരിശോധിച്ച നടപടികൾ സ്വീകരിച്ചുവോ ;എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ സി.എഫ്.എൽ., ട്യൂബ് ലൈറ്റ് എന്നിവ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡൽഹിയിലെ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. ടി കമ്പനി തയ്യാറാക്കിയ വിശദപഠന റിപ്പോർട്ടിന്റെയും തുടർന്നുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദഗ്ധ സംഘത്തെക്കൊണ്ട് ഇത് സംബന്ധിച്ച പഠനം നടത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) അന്താരാഷ്ട്ര സംഘടനകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് നടപടികൾ സ്വീകരിച്ചിട്ടില്ല.

**കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഊർജ്ജ പദ്ധതികൾ**

51 (4633) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും ഭരണാനുമതി ലഭിച്ചതുമായ ഊർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു :

1. ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം 29.591 കി.മീ എൽ.റ്റി. ലൈൻ നിർമ്മിച്ച് 1224 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകി.

2. വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി 77.835 കി.മീറ്റർ 11 കെ.വി ലൈനും 65.37 കി.മീ.എൽ.റ്റി. ലൈനും നിർമ്മിച്ച് 113 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

   പുത്തൂർ 33 കെ.വി സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി 77.835 കി.മീ.11 കെ.വി. ലൈനും 65.37 കി.മീ. എൽ.റ്റി. ലൈനും 113 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്.

മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലായി, വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി 10.92 കി.മീറ്റർ 11 കെ.വി. ലൈൻ നിർമ്മാണം, 14 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ഒരു ട്രാൻസ്ഫോർമർ 100 കെ.വി.എ.-യിൽ നിന്നും 160 കെ.വി.എ. ആയി ഉയർത്തൽ, 9.82 കി.മീ.എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈനായി മാറ്റുക, 40 കി.മീ. ലൈനുകളുടെ റീ-കണ്ടക്ടറിംഗ് തുടങ്ങിയ പ്രവൃത്തികൾക്കായിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly